**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനകാര്യം - സീനിയർ സെക്രട്ടറി / സെക്രട്ടറി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് LSGI തസ്തികയിൽ സ്ഥലംമാറ്റം ഉത്തരവ്

പരാമർശം:
1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അസ്സിസ്റ്റന്റ് ഡയറക്ട ർ (വിജിലൻസ്) ശ്രീ. അബു ഫൈസൽ അന്വേഷണ റിപ്പോർട്ട്
2) LSGD/PD/7138/2025-VIGA3 ഫയലിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് .
3) 21.03.2025 തീയതിയിലെ LSGD/PD/7138/2025-VIGA3 നമ്പർ അനൌദ്യോഗിക കുറിപ്പ്

**ഉത്തരവ് നമ്പർ LSGD/PD/10303/2025-DEA3 തീയതി: 26-04-2025**

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സന്തോഷ് വർഗ്ഗീസിനെതിരെ സൂചന (1) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ടിയാനെ സ്ഥലംമാറ്റി നിയമിക്കുന്നതിനു സുചന (2) പ്രകാരം ഉത്തരവായിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സന്തോഷ് വർഗ്ഗീസിനെ ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമ പഞ്ചായത്തിലേക്ക് സെക്രട്ടറി തസ്തികയിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടിയാളുടെ ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിയമനം 2025 ലെ പൊതുസ്ഥലം മാറ്റത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം നൽകുന്നതിലേക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് ടിയാളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്നപക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ജീവനക്കാരന് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുനഃപരിശോധനയുടെ ഭാഗമായി, സ്ഥലംമാറ്റപ്പെടുന്ന അതേസ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട ജില്ലാ ജോയിൻ്റ് ഡയറക്ടർമാരും അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ്, പ്രാബല്യത്തിൽ വരുത്തി വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:
1. വ്യക്തിക്ക് ( ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം )
2. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക്.
3. സൂപ്രണ്ട് DED സെക്ഷൻ വിവരാവകാശ നിയമം 2005 പ്രകാരം വെബ് പ്രസിദ്ധീകരിക്കുന്നതിന്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 26-04-2025 10:54:36